ടി.കെ ഉബൈദ്



സൂറ - 47

# മുഹമ്മദ്

مُحَمَّد

## സൂക്തം 04

മിഥ്യയെ പിന്‍പറ്റുന്ന ദൈവധിക്കാരികള്‍ പൈശാചിക പ്രചോദനത്താല്‍, വിധാതാവിങ്കല്‍നിന്നുള്ള സത്യത്തെയും അതു പിന്‍പറ്റുന്നവരെയും ഭൂമിയില്‍നിന്ന് തുടച്ചുനീക്കാന്‍ ധൃഷ്ടരായി ആയുധമണിഞ്ഞെത്തുക സ്വാഭാവികമാണ്. ബദ്‌റും ഉഹുദും ഖന്‍ദഖുമെല്ലാം അത്തരം കടന്നാക്രമണങ്ങളുടെ ഉദാഹരണമാണ്.

فَإِذَا لَقِيتُمُ ٱلَّذِينَ كَفَرُوا۟ فَضَرْبَ ٱلرِّقَابِ حَتَّىٰٓ إِذَآ أَثْخَنتُمُوهُمْ فَشُدُّوا۟ ٱلْوَثَاقَ فَإِمَّا مَنًّۢا بَعْدُ وَإِمَّا فِدَآءً حَتَّىٰ
تَضَعَ ٱلْحَرْبُ أَوْزَارَهَا ۚ ذَٰلِكَ وَلَوْ يَشَآءُ ٱللَّهُ لَٱنتَصَرَ مِنْهُمْ وَلَٰكِن لِّيَبْلُوَا۟ بَعْضَكُم بِبَعْضٍ ۗ وَٱلَّذِينَ قُتِلُوا۟
فِى سَبِيلِ ٱللَّهِ فَلَن يُضِلَّ أَعْمَٰلَهُمْ ٤

*4*

*നിങ്ങള്‍ സത്യനിഷേധികളുമായി യുദ്ധത്തില്‍ ഏറ്റുമുട്ടിയാല്‍, അവരെ അരിഞ്ഞു വീഴ്ത്തിക്കൊള്ളുക. അങ്ങനെ അവരെ നന്നായി ഒതുക്കിയാല്‍ പിന്നെ തടവുകാരായി പിടിച്ചുകെട്ടാം. അനന്തരം ദയാദാക്ഷിണ്യമായി വിട്ടയക്കുകയോ പിഴ ഈടാക്കി മോചിപ്പിക്കുകയോ ചെയ്യാന്‍ നിങ്ങള്‍ക്കു സ്വാതന്ത്ര്യമുണ്ട്- യുദ്ധം ശമിക്കുന്നത് വരെ. അതാണ് ചെയ്യേണ്ടത്. അല്ലാഹുവിനു വേണമെങ്കില്‍ നേരിട്ടുതന്നെ അവ ചെറുത്തു ജയിക്കാമായിരുന്നു. എന്നാല്‍, നിങ്ങളില്‍ ഓരോ പക്ഷത്തെയും മറുപക്ഷത്താല്‍ പരീക്ഷിക്കുന്നതിനു വേണ്ടിയത്രെ പരസ്പരം ഏറ്റുമുട്ടിക്കുന്നത്. അല്ലാഹുവിന്റെ മാര്‍ഗത്തില്‍ വധിക്കപ്പെട്ടവരുടെ പ്രവര്‍ത്തനങ്ങള്‍ അവന്‍ ഒരിക്കലും പാഴാക്കുകയില്ല.*

| | |
|---|---|
| നിങ്ങള്‍ യുദ്ധത്തില്‍ ഏറ്റുമുട്ടിയാല്‍ | فَإِذَا لَقِيتُمُ |
| സത്യനിഷേധികളുമായിട്ട് | الَّذِينَ كَفَرُوا |

| | |
|---|---|
| പിന്നെ പിരടി വെട്ടൽ തന്നെ (അവരെ അരിഞ്ഞു വീഴ്ത്തിക്കൊള്ളുക) | فَضَرْبَ الرِّقَابِ |
| അങ്ങനെ നിങ്ങൾ അവരെ നന്നായി ഒതുക്കിയാൽ | حَتَّىٰ إِذَا أَثْخَنتُمُوهُمْ |
| പിന്നെ കെട്ടുമുറുക്കുവിൻ (തടവുകാരായി പിടിച്ചുകെട്ടാം) | فَشُدُّوا الْوَثَاقَ |
| അനന്തരം (അവരോട്) ദാക്ഷിണ്യം കാണിക്കാം (ദയാദാക്ഷിണ്യമായി വിട്ടയക്കുകയോ) | فَإِمَّا مَنًّا بَعْدُ |
| പിഴ, മോചനദ്രവ്യം ഈടാക്കി മോചിപ്പിക്കുകയോ ചെയ്യാം(യ്യാൻ നിങ്ങൾക്കു സ്വാതന്ത്ര്യമുണ്ട്) | وَإِمَّا فِدَاءً |
| യുദ്ധം അതിന്റെ ഭാരങ്ങൾ ഇറക്കിവെക്കു(ശമിക്കു)ന്നതു വരെ | حَتَّىٰ تَضَعَ الْحَرْبُ أَوْزَارَهَا ۚ |
| അതാണ് (യുദ്ധ നിയമം, നിങ്ങൾ ചെയ്യേണ്ടത്) (ذلك الحكم في الحرب) | ذَٰلِكَ |
| അല്ലാഹു (വിന് വേണമെങ്കിൽ) ഉദ്ദേശിക്കുന്നുവെങ്കിൽ | وَلَوْ يَشَاءُ اللَّهُ |
| അവരെ ചെറുത്തു ജയിച്ചതു തന്നെ (സ്വയം തന്നെ അവരെ ചെറുത്തു ജയിക്കാമായിരുന്നു) | لَانتَصَرَ مِنْهُمْ |
| പക്ഷേ, (എന്നാൽ) നിങ്ങളിൽ ചിലരെ ചിലരെക്കൊണ്ട് പരീക്ഷിക്കുന്നതിനു വേണ്ടി (ഓരോ പക്ഷത്തെയും മറുപക്ഷത്താൽ പരീക്ഷിക്കുന്നതിനു വേണ്ടിയത്രെ പരസ്പരം ഏറ്റുമുട്ടിക്കുന്നത്) | وَلَٰكِن لِّيَبْلُوَا بَعْضَكُم بِبَعْضٍ ۗ |
| അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെട്ടവർ | وَالَّذِينَ قُتِلُوا فِي سَبِيلِ اللَّهِ |
| അവരുടെ പ്രവർത്തനങ്ങൾ അവൻ ഒരിക്കലും പാഴാക്കുകയില്ല | فَلَن يُضِلَّ أَعْمَالَهُمْ |

**ശത്രുക്കളായി വരുന്നത് സ്വന്തക്കാരും ബന്ധുക്കളും സുഹൃത്തുക്കളുമൊക്കെയാവാം. യുദ്ധത്തിൽ ഏറ്റുമുട്ടുമ്പോൾ ഈ വക പരിഗണനകളൊന്നും അവരോട് ദാക്ഷിണ്യം കാണിക്കാൻ പ്രേരിപ്പിച്ചുകൂടാ.**

ഈ സൂക്തങ്ങൾ അവതരിച്ചത് ബദ്ർ യുദ്ധത്തിന്റെ തൊട്ടു മുമ്പാണെന്നും തൊട്ടു പിമ്പാണെന്നും, അതല്ല ഉഹുദ് യുദ്ധ വേളയിലാണെന്നും നിവേദനങ്ങളുണ്ട്. ഏതു നിവേദനപ്രകാരവും അവതരണം യുദ്ധ സാഹചര്യത്തിലാണ്. മിഥ്യയെ പിൻപറ്റുന്ന ദൈവധിക്കാരികൾ പൈശാചിക പ്രചോദനത്താൽ, വിധാതാവിങ്കൽനിന്നുള്ള സത്യത്തെയും അതു പിൻപറ്റുന്നവരെയും ഭൂമിയിൽനിന്ന് തുടച്ചുനീക്കാൻ ധൃഷ്ടരായി ആയുധമണിഞ്ഞെത്തുക സ്വാഭാവികമാണ്. ബദ്റും ഉഹുദും ഖൻദഖുമെല്ലാം അത്തരം കടന്നാക്രമണങ്ങളുടെ ഉദാഹരണമാണ്. അവിശ്വാസികൾ സത്യവിശ്വാസികളോട് ഏറ്റുമുട്ടേണ്ടി വന്നാൽ അവരെ ഹിംസിച്ചുകൊള്ളണമെന്ന് കൽപിക്കുകയാണീ സൂക്തം. ശത്രുക്കളായി വരുന്നത് സ്വന്തക്കാരും ബന്ധുക്കളും സുഹൃത്തുക്കളുമൊക്കെയാവാം. യുദ്ധത്തിൽ ഏറ്റുമുട്ടുമ്പോൾ ഈ വക പരിഗണനകളൊന്നും അവരോട് ദാക്ഷിണ്യം കാണിക്കാൻ പ്രേരിപ്പിച്ചുകൂടാ. لقاء-ൽനിന്നുള്ള ക്രിയയാണ് لَقِيتُم. കണ്ടുമുട്ടുകയാണ് ഭാഷയിൽ لقاء. യുദ്ധത്തിൽ ഏറ്റുമുട്ടുക എന്ന പ്രയോഗാർഥവുമുണ്ട്. يوم اللقاء യുദ്ധ ദിനമാണ്. അതുകൊണ്ടാണ് في الحرب-യുദ്ധത്തിൽ- എന്ന് പ്രത്യേകം പറയാത്തത്. അവിശ്വാസികളെ കണ്ടേടത്തുവെച്ച് കഴുത്തുവെട്ടാൻ ഖുർആൻ കൽപിക്കുന്നു എന്ന അർഥ കൽപന തികഞ്ഞ അബദ്ധമാണ്.

പിരടിയിൽ വെട്ടലാണ് ضَرْبَ الرِّقَاب. നിർദാക്ഷിണ്യം വധിക്കുക എന്ന അർഥത്തിൽ നമ്മുടെ ഭാഷയിലെ തലവെട്ടുക, കഴുത്തരിയുക തുടങ്ങിയ പ്രയോഗങ്ങൾക്ക് സമാന

മായ അറബി പ്രയോഗമാണിത്. ജാഹിലിയ്യ കാല അറേബ്യൻ യുദ്ധങ്ങളിൽ ശത്രുഭടന്മാരെ തടവിലാക്കുന്നതിന് വലിയ സാമ്പത്തിക പ്രാധാന്യമുണ്ടായിരുന്നു. ബന്ധനസ്ഥരെ വിട്ടയക്കാൻ വമ്പിച്ച മോചനദ്രവ്യം ഈടാക്കാം. മോചിപ്പിക്കപ്പെടുന്നില്ലെങ്കിൽ അവരെ അടിമകളാക്കി പണിയെടുപ്പിക്കാം. വിലയ്ക്കു വിൽക്കുകയും ചെയ്യാം. ശത്രുഭടന്മാരെ തടവിലാക്കുന്നതിനെക്കാൾ പ്രധാനം കഴിയുന്നത്ര ആൾനാശം സൃഷ്ടിച്ച് അവരുടെ ശക്തിയും ശൗര്യവും ഇല്ലാതാക്കുകയാണ് എന്നാണ് **فَضَرْبَ الرِّقَابِ** -ന്റെ താൽപര്യം. നേരത്തെ 8:12-ലും ഇതേ കൽപന വന്നിട്ടുണ്ട്: **فَاضْرِبُوا فَوْقَ الْأَعْنَاقِ وَاضْرِبُوا مِنْهُمْ كُلَّ بَنَانٍ** (ചുമലുകൾക്കു മീതെ വെട്ടിക്കൊള്ളുക. അവരുടെ അവയവങ്ങൾ തോറും വെട്ടിക്കൊള്ളുക).

ശക്തിയും ശൗര്യവും തീരെ ചോർന്നുപോയി ശത്രുപക്ഷം അവശരും ദീനരുമാകുമ്പോൾ ശേഷിക്കുന്ന ഭടന്മാരെ ബന്ധനസ്ഥരാക്കാം. അടിച്ചൊതുക്കലും നിർജീവമാക്കലുമായ **إثخان**-ൽ നിന്നുള്ള ഭൂതകാല ക്രിയാവചനമാണ് **أثخن**. ബന്ധനമാണ് **وثاق**. കൊന്നൊടുക്കുന്നതിനും **اثخان** എന്നു പറയും. സംഹാര പ്രവർത്തനത്തിലൂടെ ശത്രുക്കൾ ശക്തിയും ശൗര്യവും നശിച്ച് അവശരാകുമ്പോൾ അവശേഷിക്കുന്നവരെ ബന്ധനസ്ഥരാക്കിക്കൊള്ളുക എന്നാണ് **حَتَّىٰ إِذَا أَثْخَنتُمُوهُمْ فَشُدُّوا الْوَثَاقَ** -ന്റെ താൽപര്യം. ശത്രുക്കൾ നിർവീര്യരാകുന്നതിന് മുമ്പ് കൈയിൽ കിട്ടുന്നവരെ തടവിലാക്കാൻ ശ്രമിക്കരുത്. 8:67-ലും ഇക്കാര്യം സഗൗരവം പ്രസ്താവിച്ചിരിക്കുന്നു: **مَا كَانَ لِنَبِيٍّ أَن يَكُونَ لَهُ أَسْرَىٰ حَتَّىٰ يُثْخِنَ فِي الْأَرْضِ ۚ تُرِيدُونَ عَرَضَ الدُّنْيَا وَاللَّهُ يُرِيدُ الْآخِرَةَ** (നാട്ടിൽ അക്രമികളെ നന്നായി അടിച്ചൊതുക്കുന്നതുവരെ തന്റെ കീഴിൽ തടവുകാരുണ്ടാകുന്നത് ഒരു പ്രവാചകന്നും ഭൂഷണമല്ല. നിങ്ങളാഗ്രഹിക്കുന്നത് ഭൗതിക ജീവിതത്തിന്റെ ക്ഷണിക ലാഭമാണ്. അല്ലാഹു ഉദ്ദേശിക്കുന്നതോ പാരത്രിക വിജയവും).

വിശ്വാസികളുടെ യുദ്ധ ലക്ഷ്യം ഒരിക്കലും സാമ്പത്തിക നേട്ടമല്ല, ആയിരിക്കരുത് എന്നാണിത് സൂചിപ്പിക്കുന്നത്. അധർമത്തിന്റെയും അക്രമത്തിന്റെയും ഉച്ചാടനമായിരിക്കണം യുദ്ധ ലക്ഷ്യം. 2:193-ൽ പ്രസ്താവിക്കുന്നു: **وَقَاتِلُوهُمْ حَتَّىٰ لَا تَكُونَ فِتْنَةٌ وَيَكُونَ الدِّينُ لِلَّهِ ۖ فَإِنِ انتَهَوْا فَلَا عُدْوَانَ إِلَّا عَلَى الظَّالِمِينَ** (പീഡനങ്ങൾ ഇല്ലാതാവുകയും വിധേയത്വം അല്ലാഹുവിനായിത്തീരുകയും ചെയ്യുന്നതുവരെ നിങ്ങൾ അക്രമികളോട് പോരാടിക്കൊണ്ടിരിക്കേണം. അവർ അക്രമത്തിൽനിന്നു വിരമിച്ചാൽ അക്രമികളോടല്ലാതെ വിരോധം പാടില്ല). ഏതാണ്ടിതുതന്നെയാണ് ഇവിടെ **حَتَّىٰ تَضَعَ الْحَرْبُ أَوْزَارَهَا** എന്ന വാക്കിലൂടെയും പറയുന്നത്. യുദ്ധം അവസാനിക്കുകയും കക്ഷികൾ ആയുധം താഴെ വെക്കുകയുമാണ് **وَضَعَ الْحَرْبُ أَوْزَارَهَا**.

യുദ്ധം പൂർണമായി അവസാനിക്കുകയും കക്ഷികൾ ആയുധം താഴെ വെക്കുകയും ചെയ്യുന്നതുവരെ ശത്രുഭടന്മാരെ പിടികൂടാം. യുദ്ധം അവസാനിച്ചതായി പ്രഖ്യാപിച്ചു കഴിഞ്ഞാൽ പിന്നെ ആരെയും തടവിലാക്കാനോ ദ്രോഹിക്കാനോ പാടില്ല. യുദ്ധം അവസാനിച്ചു സമാധാനം പുലരുന്നതുവരെ കൈവശമുള്ള തടവുകാരെ വിട്ടയക്കേണ്ടതുമില്ല. സംഘർഷാവസ്ഥ അവസാനിച്ചാൽ പിന്നെ യുദ്ധത്തടവുകാരെ വേണമെങ്കിൽ സൗജന്യമായി വിട്ടയക്കാം. ദയാദാക്ഷിണ്യവും ഔദാര്യവുമാണ് **منّ**. ഭാഷാപരമായി, അനുക്തമായ **تمنون** എന്ന ക്രിയയുടെ കർമമായിട്ടാണതിവിടെ ഉപയോഗിച്ചിരിക്കുന്നത്. അതുപോലെ **تُفْدون** എന്ന അനുക്തമായ ക്രിയയുടെ കർമമാണ് **فِدَاء**. ബന്ധനസ്ഥരെ മോചന ദ്രവ്യം വാങ്ങി വിട്ടയക്കുന്നതും മറുകക്ഷിയുടെ കൈവശമുള്ള സ്വന്തം തടവുകാർക്കു പകരമായി കൈമാറുന്നതും **فِداء**-ൽ പെടുന്നു.

യുദ്ധത്തടവുകാരെ വധിക്കുന്നതിനെക്കുറിച്ചും അടിമകളാക്കുന്നതിനെക്കുറിച്ചും ഇവിടെ പറയുന്നില്ല. സാധാരണ ഗതിയിൽ അവരെ വധിക്കാവതല്ല. എന്നാൽ, അക്കൂട്ടത്തിൽ മറ്റു കാരണങ്ങളാൽ വധശിക്ഷയർഹിക്കുന്നവരുണ്ടെങ്കിൽ ശിക്ഷിക്കാവുന്നതാണ്. മോചനദ്രവ്യം സ്വീകരിച്ചോ അല്ലാതെയോ മോചിപ്പിക്കപ്പെടാനർഹരല്ലാത്തവരെ അടിമകളാക്കുകയുമാവാം. പ്രവാചകന്റെ കാലത്ത് ജയിൽ സംവിധാനം ഇല്ലാതിരുന്നതിനാൽ യുദ്ധത്തടവുകാരെ വ്യക്തികൾക്കു കീഴിൽ അടിമകളായി ഏൽപിച്ചുകൊടുക്കുകയായിരുന്നു പതിവ്. ഇന്ന് എല്ലാ നാടുകളിലും ജയിൽ സംവിധാനമുള്ളതിനാൽ തടവുകാരെ അടിമകളാക്കേണ്ട കാര്യമില്ല.

യുദ്ധത്തടവുകാരെ ഇപ്പറഞ്ഞ രീതികളിലെല്ലാം കൈകാര്യം ചെയ്തതിന് പ്രവാചക

**വിശ്വാസികളുടെ യുദ്ധ ലക്ഷ്യം ഒരിക്കലും സാമ്പത്തിക നേട്ടമായിരിക്കരുത്, അധർമത്തിന്റെയും അക്രമത്തിന്റെയും ഉച്ചാടനമായിരിക്കണം.**

ചരിത്രത്തിൽ ധാരാളം ഉദാഹരണങ്ങൾ കാണാം. ആരോട്, എപ്പോൾ, ഏതു രീതി സ്വീകരിക്കണമെന്ന് സാഹചര്യം താൽപര്യപ്പെടുന്നതനുസരിച്ച് തീരുമാനിക്കാനുള്ള വിവേചനാധികാരം ഭരണകൂടത്തിനുണ്ടെന്നാണ് അത് സൂചിപ്പിക്കുന്നത്.

അല്ലാഹുവിന് വേണമെങ്കിൽ വിശ്വാസികളെയും നിഷേധികളെയും പരസ്പരം ഏറ്റുമുട്ടിക്കാതെ നേരിട്ടുതന്നെ ധിക്കാരികളെ തോൽപിക്കാനും നശിപ്പിക്കാനും ഒരു പ്രയാസവുമില്ല. അത് നിമിഷ നേരംകൊണ്ട് സാധിക്കുന്ന ഭൂകമ്പം, പ്രളയം, കൊടുങ്കാറ്റ് തുടങ്ങിയ അനേകം ആയുധങ്ങൾ അവന്റെ ആവനാഴിയിലുണ്ട്. വിശ്വാസികളിലൂടെ നിഷേധികളെയും നിഷേധികളിലൂടെ വിശ്വാസികളെയും പരീക്ഷിക്കുന്നതിനു വേണ്ടിയാണ് അവൻ നിങ്ങളെ പരസ്പരം ഏറ്റുമുട്ടിക്കുന്നത്. അതുവഴി വിശ്വാസികളുടെ വിശ്വാസദാർഢ്യവും ത്യാഗസന്നദ്ധതയും ആത്മാർഥതയും നിഷ്കളങ്കതയും പ്രാവർത്തികമായി വെളിപ്പെടുന്നു. അതുപോലെ നിഷേധികളുടെ അഹന്തയും ധിക്കാരവും ധർമവിരോധവും എത്രമാത്രം രൂക്ഷമാണെന്നും തെളിയുന്നു. അതനുസരിച്ചാണ് രണ്ടുകൂട്ടരുടെയും പാരത്രിക വിജയപരാജയങ്ങളുടെ നിലവാരം.

പ്രവാചകന്മാരോടും അവരോടൊപ്പമുള്ള സമൂഹത്തോടും അല്ലാഹുവിന് സുവ്യക്തമായ നടപടിക്രമമുണ്ട്. പ്രവാചകനോടൊപ്പമുള്ളവർ എണ്ണത്തിൽ തീരെ തുഛമാണെങ്കിൽ അവിശ്വാസികളുമായി ഏറ്റുമുട്ടാൻ അവരോടാവശ്യപ്പെടുകയില്ല. അവിശ്വാസികളുടെ അക്രമത്തിൽനിന്നു രക്ഷപ്പെടാൻ ആ നാടുവിട്ടു പലായനം ചെയ്യാനാണ് പ്രവാചകനോടും കൂട്ടുകാരോടും കൽപിക്കുക. അനന്തരം അല്ലാഹു ആ ജനത്തെ അവന്റെ നേരിട്ടുള്ള ശിക്ഷയിലൂടെ ഭൂമുഖത്തുനിന്ന് തുടച്ചുനീക്കുന്നു. നൂഹ്, ലൂത്വ് തുടങ്ങിയ അനേകം പ്രവാചകവര്യന്മാരുടെ സമൂഹത്തിന് സംഭവിച്ചതതാണ്. പ്രവാചകനോടൊപ്പം ഗണ്യമായ വിശ്വാസി സമൂഹമുണ്ടെങ്കിൽ അവരെ പ്രവാചക വിരോധികളോട് ഏറ്റുമുട്ടിക്കുന്നു. അങ്ങനെ പൈശാചിക ശക്തികളെ പരാജയപ്പെടുത്തി ധർമസംസ്ഥാപനം നടത്തുന്നു. ഇസ്രാഈലീ ചരിത്രത്തിൽ ഇതു രണ്ടിനും ഉദാഹരണം കാണാം. ഫറവോൻ പ്രഭൃതികൾ മൂസാ നബിയെയും സമൂഹത്തെയും നശിപ്പിക്കുമെന്നായപ്പോൾ അല്ലാഹു അവരോട് ഈജിപ്തിൽനിന്നു പലായനം ചെയ്യാൻ കൽപിച്ചു. രാജ്യം വിട്ട ഇസ്രാഈല്യരെ പിന്തുടർന്ന ഫറവോനികളെ ചെങ്കടലിൽ മുക്കിയൊടുക്കുകയും ചെയ്തു. ചെങ്കടൽ താണ്ടി പശ്ചിമേഷ്യയിലെത്തിയ ഇസ്രാഈല്യരോട്, അവരെ എതിർത്ത ധിക്കാരികളുമായി പൊരുതി സ്വരാജ്യം നേടാനാണ് കൽപിച്ചത്. പല പ്രവാചകന്മാരുടെ കീഴിലായി ദീർഘകാലം പടവെട്ടി അവരതു നേടുകയും ചെയ്തു.

മക്കയിലായിരുന്നപ്പോൾ മുഹമ്മദീയ സമൂഹത്തിൽ അംഗങ്ങൾ തുഛമായിരുന്നു. ഖുറൈശി മുശ്‌രിക്കുകൾ അവരെ നശിപ്പിക്കാൻ തീരുമാനിച്ചുവെങ്കിലും അതു നടപ്പാക്കുന്നതിനു മുമ്പ് തിരുമേനിയും നല്ലൊരു വിഭാഗം ശിഷ്യന്മാരും മദീനയിലേക്കു പലായനം ചെയ്തു. അവിടെ അവർ ഭദ്രമായ ഒരു രാഷ്ട്രമായി പരിണമിച്ചു. ശത്രുക്കൾ ആ രാഷ്ട്രത്തോട് നിരവധി യുദ്ധങ്ങൾ നടത്തിയെങ്കിലും മക്കയടക്കം, തുടക്കത്തിൽ ദൈവിക ദീനിനെതിരെ പടവെട്ടിയവരെല്ലാം ഒടുവിൽ ഇസ്‌ലാമിൽ അണിനിരക്കുകയായിരുന്നു. ഇസ്രായീല്യരെ അല്ലാഹു ആദ്യം ഫറവോനികളിലൂടെയും പിന്നെ ഫിലിസ്ത്യരിലൂടെയും പരീക്ഷിച്ചു. ദാവൂദ്, സുലൈമാൻ പ്രവാചകന്മാരുടെ കാലത്ത് ഫലസ്തീനും പരിസര പ്രദേശങ്ങളും ഇസ്‌ലാമിന്റെ കൊടിക്കീഴിലായി. ഇതിനെക്കാൾ ശോഭനവും വിശാലവുമായ പരിണതിയായിരുന്നു അല്ലാഹു മുഹമ്മദ് നബിക്കും സമൂഹത്തിനും കാത്തുവെച്ചിരുന്നതെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

അല്ലാഹുവിന്റെ മാർഗത്തിലുള്ള പോരാട്ടം നിരന്തരവും ക്ലിഷ്ടവുമായ പ്രയത്നമാണ്, ജിഹാദാണ്. ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെടേണ്ടി വരും, കൊടിയ ദാരിദ്ര്യത്തിൽ അകപ്പെട്ടേക്കും. ആരോഗ്യവും അവയവങ്ങളും, ചിലപ്പോൾ ജീവൻ വരെ ത്യജിക്കേണ്ടിവരും. എന്നാൽ അവരുടെ പ്രവർത്തനങ്ങളൊന്നും, അല്ലാഹുവിനെയും പരലോകത്തെയും നിഷേധിക്കുകയും ജനങ്ങൾ ദൈവിക മാർഗത്തിൽ ചരിക്കുന്നത് തടയുകയും ചെയ്യുന്ന ധർമധിക്കാരികളുടെ പ്രയത്നങ്ങൾ പോലെ ആത്യന്തികമായി പരാജയപ്പെടുകയും പാഴാവുകയും ചെയ്യുന്നില്ല. ●

**അല്ലാഹുവിന്റെ മാർഗത്തിലുള്ള പോരാട്ടം നിരന്തരവും ക്ലിഷ്ടവുമായ പ്രയത്നമാണ്, ജിഹാദാണ്.**